"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിന് കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II ന്റെ 30 തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(കൈ) നം.373/2024/H&FWD തീയതി,തിരുവനന്തപുരം, 05-12-2024

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.08.2024,, 18.09.2024, 06.11.2024 എന്നീ തീയതികളിലെ പി.എൽ.എ4-9811/2023/ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 31,100-66,800 രൂപ ശമ്പളസ്കെയിലിൽ വിവിധ ജില്ലകളിലായി ചുവടെ ചേർത്തിരിക്കും പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II ന്റെ 30 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 2 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 2 |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 3 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 2 |
| | ആകെ | 30 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ
ധനകാര്യ വകുപ്പ് (File No.2917624 / HLT-B1/155/2024-FIN)
പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2552 തീയതി 04.12.2024 )
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shailakumari. M
Date: 05-12-2024 15:48:56
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ പി എസ്-ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

149

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-12-2024

ഫയൽ നം. എം1/273/2023/ആകുവ. ഇനം നം: 2552

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഓരോ ജില്ലയിലും അവശ്യം വേണ്ടുന്ന തസ്തികകളുടെ കുറവ് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ട തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നതിന് ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

2552

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എം1/273/2023/ആ.കു.വ |
| 2. വകുപ്പ് | ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് |
| 3. വിഷയം | ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നത്-സംബന്ധിച്ച്. |
| 4.മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 03.12.2024 |
| 5. (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ ?<br>(II) ഉണ്ടെങ്കിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്<br>ഉണ്ട് |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7.കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സുഭാഷ് ആർ |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.രാജൻ എൻ ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.12.2024 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11. മന്ത്രിസഭയ്ക്കുള്ള കരട് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.12.2024 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.12.2024 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03.12.2024 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

**2.** പൊതുജനാരോഗ്യ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തിനും കീഴിലുള്ള സ്ഥാപനങ്ങളാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ. സംസ്ഥാനത്ത് ആകെ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ജനകീയ ആരോഗ്യകേന്ദ്രത്തിലെ രണ്ട് സ്ഥിരം ജീവനക്കാരിൽ ഒരാളാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ. ഫീൽഡ്തല പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ചുമതലകൾ വഹിക്കുന്നത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരാണ്. ഗ്രാമ പ്രദേശങ്ങളിൽ ഓരോ 5000 പേർക്ക് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും ട്രൈബൽ ഏരിയയിൽ ഓരോ 3000 പേർക്ക് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും നഗര പ്രദേശങ്ങളിൽ ഓരോ 10,000 പേർക്ക് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും എന്നതാണ് മാനദണ്ഡം. അതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ്തല പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ ഫലപ്രദമായി പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനായി സംസ്ഥാനത്ത് 997 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികകൾ സൃഷ്ടിക്കേണ്ടത് ആവശ്യമാണെന്ന് 01.08.2024 ലെ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. 997 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത പുനരവലോകനം ചെയ്ത് തദനുസരണം പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ ഏറ്റവും കുറച്ച് സൃഷ്ടിക്കേണ്ടതായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികകൾ 568 എണ്ണമായി ചുരുക്കിയുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചു.

**3.** തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*" അത്യാവശ്യം വേണ്ടുന്ന തസ്തികകൾ comprehensive package-ൽ DHS ന് തത്വത്തിൽ അനുമതി നൽകിയിട്ടുള്ള തസ്തികകളിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാനും കൂടാതെ വകുപ്പിനുള്ളിൽ തസ്തിക പുനർവിന്യാസത്തിനുള്ള സാദ്ധ്യത പരിശോധിക്കുവാനും ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു" .*

**4.** തുടർന്ന്, പുനർവിന്യാസ സാധ്യത ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് ഏറ്റവും മിനിമം വേണ്ട തസ്തികകളുടെ എണ്ണം ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർ പ്പിക്കുവാൻ സർക്കാർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. 12 ഒഴിവുകൾ പുനർവിന്യാസത്തിലൂടെ നികത്താൻ സാധിച്ചതിനാൽ ഏറ്റവും അത്യാവശ്യം വേണ്ട 556 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികകൾ സൃഷ്ടിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

**5.** ഇത് സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ സമർ പ്പിച്ചപ്പോൾ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*" 30 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ അനുവദിക്കുന്നതിന് ഭരണ വകുപ്പിന് അനുമതി നൽകുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

**6.** ഇപ്രകാരം 30 തസ്തികകൾ സൃഷ്ടിക്കുമ്പോൾ സർക്കാരിന് ഏകദേശം പ്രതിമാസം 10,44,960/- രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. ആകെയുള്ള 30 തസ്തികകളിൽ ഓരോ ജില്ലയിലും സൃഷ്ടിക്കാവുന്ന തസ്തികകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ജില്ല | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 2 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 2 |
| 9 | പാലക്കാട് | 2 |

| | | |
|---|---|---|
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 2 |
| | **ആകെ** | **30** |

**7.** ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## ***<u>തീരുമാനിക്കേണ്ട സംഗതി</u>***

ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 31100-66800 രൂപ ശമ്പള സ്കെയിലിൽ മേൽ ഖണ്ഡിക 6 ൽ സൂചിപ്പിച്ചിരിക്കുന്ന കണക്ക് പ്രകാരം വിവിധ ജില്ലകളിലായി ആകെ 30 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള [illegible]സ്ഥാപനങ്ങളിൽ സൃഷ്ടിക്കാമോ?